കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് -2015-16

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:*lfaddistoffice @gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1956/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ –വെബ് -www.lfa.kerala.gov.in

ഫോൺ -0497 2707698

തീയതി: 01.12.2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് , (സെക്രട്ടറി മുഖേന),
ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u> :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം )

3) കാര്യാലയ പകർപ്പ്.

PVP

നം. കെഎസ്എ/കെഎൻആർ/സി.2/1956/2016.

തീയ്യതി: 01.12.2016.

# കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| നടത്താൻ ചുമതലപ്പെട്ട ഓഡിറ്റ് ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 14.10.2016 മുതൽ 21.10.2016 വരെ | ശ്രീമതി.ലതവാണിഎൻ.എൻ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീഭാനു കെ.കെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശീന്ദ്രൻ കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | കുമാരി.മിഥുചന്ദ്ര സി. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട് :

| പേര് | കാലയളവ് | |
|---|---|---|
| ശ്രീ.മോഹനൻ എം.സി. | 1.4.2015 മുതൽ<br>31.10.2015 വരെ | |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി:<br>1) സിന്ധു.ജെ -സെക്രട്ടറി<br>(ഭരണനിർവ്വഹണ കമ്മിറ്റി അംഗം)<br>2) ഉഷാവതി.സി<br>(ഐ സി ഡി എസ് സൂപ്പർവൈസർ)<br>3) സുരേഷ് ബി,<br>(കൃഷി ഓഫീസർ) | 1.11.2015 മുതൽ<br>11.11.2015 വരെ | |
| ശ്രീമതി.ടി.വി.ലക്ഷ്മി | | 12.11.215 മുതൽ<br>31.3.2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| സിന്ധു ജെ. | 01.04.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | കെ.ജി.സുനിൽ | 01.04.2015 മുതൽ<br>20.08.2015 FN വരെ |
| | സുരേഷ്. ബി | 20.08.2015 AN മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ഷൈനി കെ | 01.04.2015 മുതൽ 31.03.16<br>വരെ |

| | | |
|---|---|---|
| | | |
| ഹെഡ്മിസ്ട്രസ്സ് | ജയശ്രീ.എൻ | 01.04.2015 മുതൽ 31.03.16 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ഉഷാവതി.സി | 01.04.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.പി.കെ.കാർത്ത്യായനി | 01.04.2015 മുതൽ 27.10.2015 FN വരെ |
| | ഡോ.ബിന്ദു.വി.ബി | 27.10.2015 ANമുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.സനൽകുമാർ | 01.04.2015 മുതൽ 06.07.2015 FN വരെ |
| | ഡോ.ദീപാരാജ്.വി.ടി | 06.07.2015 AN മുതൽ 31.03.2016 വരെ |
| വി ഇ ഒ (ചെമ്പിലോട് വില്ലേജ്) | പ്രദീപൻ.ടി.പി | 01.04.2015 മുതൽ 17.06.2015 AN വരെ |
| | മുഹമ്മദ് സാജിദ്.ടി.കെ (ചാർജ്ജ്) | 17.06.2015 FN മുതൽ 11.02.2015 FN വരെ |
| | ശബരിഗിരീഷ്.പി | 11.02.2015 AN മുതൽ 31.03.2016 വരെ |
| വിഇഒ (ഇരിവേരി വില്ലേജ്) | മുഹമ്മദ് സാജിദ്.ടി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ടി.കെ ബീന | 01.04.2015 മുതൽ 24.07.2015 വരെ |
| | ഇ. അശോകൻ | 25.07.2015 മുതൽ |

| | | |
|---|---|---|
| | | 24.08.2015 വരെ ഒഴിവ്. 25.8.2015 മുതൽ 12.01.2016 വരെ |
| | എൻ. അനിൽ കുമാർ | 13.01.2016 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | സി.ശ്രീനിവാസൻ | 01.4.2015 മുതൽ 18.06.2015 FN വരെ |
| | ദീപ്തി ആർ | 18.06.2015 AN മുതൽ 07.08.2015 FN വരെ |
| | പ്രകാശൻ. കെ.കെ. | 07.08.2015 AN മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | പദ്ധതി അവലോകനം | 1(11) | |
| 12 | ഗ്രാമ സഭ | 1(12) | |
| 13 | ആഭ്യന്തര നിയന്ത്രണം | 1(13) | |

ഭാഗം-II

വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് -പൊതുശ്മശാനം ബൈലോ തയ്യാറാക്കിയിട്ടില്ല | 2(1) |
| 2 | D & O ലൈസൻസ് അപാകങ്ങൾ | 2(2) |

ഭാഗം-III

ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ചക്കരക്കൽ ചാല ഫെസ്റ്റ് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക 4,00,000/- തടസ്സപ്പെടുത്തുന്നു | 3(1) | |
| 2 | ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരം നടത്തിയ മരാമത്ത് പ്രവൃത്തികൾ ചെലവ് രേഖകൾ അപൂർണ്ണം -തുക 22,43,681/- തടസ്സപ്പെടുത്തുന്നു. | 3(2) | |
| 3 | മരാമത്ത് പ്രവൃത്തികൾ- ഇന്റർലോക്കിംഗ് അധിക നിരക്ക്നൽകിയത് തുക 1,85,422/- തടസ്സപ്പെടുത്തുന്നു | 3(3) | |
| 4 | പദ്ധതി മാർഗ്ഗരേഖ സബ്സിഡി ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല | 3(4) | |
| 5 | ജലസേചന കിണറിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് | 3(5) | |
| 6 | വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് - ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 3(6) | |
| 7 | എസ് എസ് എ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നില്ല | 3(7) | |

| | | | |
|---|---|---|---|
| 8 | ക്ഷേമപെൻഷൻ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 3(8) | |
| 9 | തെരുവ് വിളക്ക് സ്ഥാപിക്കൽ - കെ എസ് ഇ ബി യുടെ സൂപ്പർവിഷനില്ലാതെ ഇൻസ്റ്റാൾ ചെയ്തു | 3(9) | |
| 10 | തെരുവ് വിളക്ക് സംയുക്തപരിശോധന നടത്തിയിട്ടില്ല | 3(10) | |
| 11 | വാട്ടർ ടാപ്പ് ചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(11) | |
| 12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് -തുക 7,60,000/- തടസ്സപ്പെടുത്തുന്നു | 3(12) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |

| | | | |
|---|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 10 | അനുബന്ധം -ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 40/2015 തീയതി 24.3.2015 | 37/2016 തീയതി 29.2.2016 |

.

| | ബജറ്റ് | തനത് വരുമാനം | വ്യത്യാസം | | ചെലവ് % |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 2,17,05,053 | 1,93,15,994 | | | |
| വരവ് | 9,29,45,000 | 5,52,77,280 | | 3,76,67,720 | (-)40.52 |
| ആകെ | 11,46,50,053 | 7,45,93,274 | | 4,00,56,779 | (-)34.93 |
| ചെലവ് | 10,96,50,053 | 5,76,43,807 | | 5,20,06,246 | (-)47.42 |
| നീക്കിയിരിപ്പ് | 50,00,000 | 1,69,49,467 | | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.6.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് പരിഗണിച്ച വിശേഷണങ്ങൾ താഴെ കൊടുക്കുന്നു.

1) വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ച കാഷ് ഫ്ലോ പത്രിക, വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
2) 2011-ലെ അക്കൗണ്ടിംഗ് ചട്ടം 10(1) മുതൽ 5 വരെ, ചട്ടം 13 എന്നിവയിൽ നിർദ്ദേശിച്ച പ്രകാരം വൌച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

3) സംയോജിത പ്രോജക്ടുകൾക്ക് ലഭിച്ച വരവുകൾക്ക്, സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

4) നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നുള്ള വാറ്റ്, ആദായനികുതി, തൊഴിലാളി ക്ഷേമനിധി തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) RP-43 പത്രികയിൽ, മുൻവർഷത്തെ വാർഷീക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള തുകയേക്കാൾ അധികം തുക പിരിച്ചെടുത്തിട്ടുണ്ട്. (പിരിച്ചെടുക്കുവാനുള്ള തുക 2014-15 B-15 പ്രകാരം 1,98,785/- 2015-16 ൽ പിരിച്ചത് 2,59,382/-) മേൽ വിശേഷണങ്ങളുടെ അടിസ്ഥാനത്തിൽ വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകുന്നു. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,93,15,994 |
| വരവ് | 5,52,77,280 |
| ആകെ | 7,45,93,274 |

| | |
|---|---|
| ചെലവ് | 5,76,43,807 |
| നീക്കിബാക്കി | 1,69,49,467 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 24,42,000 | 94,21,000 | 1,18,63,000 | 1,18,63,000 | | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7,50,000 | 7,50,000 | 7,50,000 | | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 2,000 | 2,000 | 2,000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 72,43,000 | 72,43,000 | 72,43,000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 32,73,000 | 32,73,000 | 32,73,000 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 43,19,058 | 43,19,058 | 43,19,058 | 10,82,631 | 0 |
| ലോക ബാങ്ക് സഹായം | 33,67,000 | 0 | 33,67,000 | 33,67,000 | 6,63,000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 139 | 5,86,37,940 | 132 | 4,61,75,189 | 7 | 0 | 94.96 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 72,52,300 | 60,98,560 | (-)11,53,740 | (+)15.90 |
| നികുതിയേതര വരവുകൾ | 4,96,016 | 6,70,442 | (+)1,74,426 | (+)35.16 |
| മറ്റ് വരവുകൾ | 13,87,060 | 29,86,697 | (+)15,99,637 | (+)115.32 |
| ആകെ | 91,35,376 | 97,55,699 | (+)6,20,323 | 6 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,02360 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 44,36,550 | 639 |
| വിധവാപെൻഷൻ | 1,01,47,680 | 1151 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,41,57,030 | 1994 |
| വികലാംഗപെൻഷൻ | 29,67,590 | 306 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18,57,160 | 218 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹3,510 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 9.6.2016മുതൽ 10.6.2016വരെ<br>13.7.2016 മുതൽ 15.7.2016 വരെ | 1.4.2016 മുതൽ 30.6.2016 വരെ | പിഎ5/6134/16 തീയതി 20.07.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 3.1.2011 മുതൽ 15.1.2011വരെ | 2005-06 മുതൽ 2009-10 വരെ | 14.02.2011 | -- |

## 1-11 പദ്ധതി അവലോകനം

ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത കൊണ്ടും, ചിട്ടയായ പദ്ധതി നടത്തിപ്പ് കൊണ്ടും സംസ്ഥാനമൊട്ടാകെ ഖ്യാതി നേടിയിട്ടുള്ള പഞ്ചായത്താണ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്.

കണ്ണൂർ പട്ടണത്തിൽ നിന്നും 10 കിലോമീറ്റർ കിഴക്ക്, ചെമ്പിലോട്, ഇരിവേരി എന്നി റവന്യൂ വില്ലേജുകൾ കൂടി ചേർത്താണ് പഞ്ചായത്ത് രൂപീകൃതമായിട്ടുള്ളത്. 2099 ച.കി.മി വിസ്തൃതിയും, 2011-ലെ സെൻസസ് പ്രകാരം 8600 ജനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. 1996 മുതൽ സർക്കാറിൽ നിന്നും ലഭിക്കുന്ന പദ്ധതിപണം 100% വും വിനിയോഗിച്ച് പദ്ധതികൾ ഫലപ്രദമായി നിർവ്വഹിച്ചതിന്റെയും, പദ്ധതിയേതര മേഖലയിലെ വിവിധ പ്രവർത്തനങ്ങളുടെ അംഗീകാരമായി കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സ്വരാജ് ട്രോഫി ഉൾപ്പെടെയുള്ള നിരവധി പുരസ്കാരങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

2015-16 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനവും പദ്ധതി നടത്തിപ്പും സംബന്ധിച്ച അവലോകനം ചുവടെ കൊടുക്കുന്നു.

തനത് വരുമാനം

വസ്തു നികുതി പിരിവിൽ ജില്ലയിൽ 100% പിരിവ് നടത്തിയ പഞ്ചായത്താണ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്. 2015-16-ൽ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ വസ്തുനികുതി ഡിമാന്റായ 38,14,782/- രൂപ ഡിമാന്റുണ്ട്. യാതൊരു വിധ സേവന നികുതിയും വസ്തുനികുതിയുടെ ഭാഗമായി പിരിക്കുന്നില്ല. തനത് വരുമാനത്തിന്റെ മറ്റ് വരവിനങ്ങളായ തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, വാടക, ബസ്റ്റാന്റ് വരവ് മുതലായവയിലെ വരുമാനവും ആശാവഹമാണ്. എന്നാൽ പരസ്യ നികുതി പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. പൊതുശ്മശാനം, വാടക എന്നിവ സംബന്ധിച്ച് നിയമാനുസൃതമുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പ്

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ബഹുമുഖമായ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് 2015-16-ലെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവഹിച്ചിട്ടുള്ളത്.

പദ്ധതികളുടെ മേഖലാ വിഭജനം

| വിവിധ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം | | |
|---|---|---|
| മേഖല | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | മൊത്തം അടങ്കൽ തുക |
| ഉല്പാദനം | 15 | ₹1,27,51,200 |
| സേവനം | 43 | ₹2,13,93,923 |
| പശ്ചാത്തലം | 79 | ₹2,29,25,150 |

ഉല്പാദന മേഖലയിൽ പ്രധാനമായും നെൽകൃഷി വികസനം, പ്രത്യേക കന്നുകുട്ടി പരിപാലനം, ഭവന നിർമ്മാണം, ഭിന്നശേഷി വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് നടപ്പാക്കിയത്. സേവനമേഖലയിൽ

പാലിയേറ്റീവ് പരിചരണ പരിപാടിക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അംഗൻവാടികളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ, സാംസ്കാരിക ഉണർവിന് ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കൽ എന്നിവയാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി തുക ഉപയോഗിച്ച് ആഴ്ചകളോളമുള്ള ഫെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചത് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായാണ്. സ.ഉ.(എം.എസ്) നം.362/2013/തസ്വഭവ തിരുവനന്തപുരം തീയതി 16.11.2013 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16-ൽ ഖണ്ഡിക 7-7-ൽ ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്ക്കരണ ക്യാമ്പയിനുകൾ, മേളകൾ ഉത്സവങ്ങൾ, സെമിനാറുകൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ റോഡുകളുടെയും, ഗ്രാമപഞ്ചായത്ത് ആസ്തികളുടെയും, പരിപാലനത്തിനാണ് ഊന്നൽ നൽകിയത്. ഈ മേഖലയിൽ നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളും റോഡ് ടാറിംഗും, നവീകരണവുമാണ്. ഇതിനു പുറമെ ആശ്രയ, അഗതി, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ഉതകുന്ന പദ്ധതികളും നടപ്പാക്കുകയുണ്ടായി. നിർവ്വഹിച്ച പദ്ധതികളെ സംബന്ധിച്ച് പരിശോധിച്ചാൽ അനുവദിച്ച ഫണ്ട് എല്ലാ മേഖലയിലും 100%വും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ പറ്റി വിലയിരുത്തുവാൻ പദ്ധതിയുടെ ഭാഗമായുള്ള മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. ഓരോ മേഖലയിലുമുള്ള പദ്ധതി നടത്തിപ്പിന്റെ നിഷ്പക്ഷ വിലയിരുത്തൽ റിപ്പോർട്ട് നൽകേണ്ട ചുമതല പദ്ധതി മോണിറ്ററിംഗ് സമിതിക്കാണെങ്കിലും കുറ്റമറ്റ പ്രവർത്തനം ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമപഞ്ചായത്ത് പൊതുശ്മശാനത്തിന് ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പൊതുശ്മശാനം പ്രവർത്തിച്ച് വരുന്നുണ്ട്, എന്നാൽ ഇതിന്റെ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് പ്രത്യേകമായസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 256-1 ഉപ-ചട്ടത്തിൽ ഗ്രാമപഞ്ചായത്തിന് ഏതു കാര്യങ്ങൾക്കുവേണ്ടി രൂപീകരിക്കപ്പെടുന്ന സംരംഭങ്ങൾക്കും സർക്കാറിന്റെ അംഗീകാരത്തോടെ ബൈലോകൾ ഉണ്ടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്മശാനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ചും പ്രത്യേകമായി ബൈലോ തയ്യാറാക്കാമെന്ന് സെക്ഷൻ 254 ൽ i ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തയ്യാറാക്കുന്ന ബൈലോയിൽ ശ്മശാനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ വ്യവസ്ഥകളും ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. പരാതിരഹിതമായ തുടർ നടത്തിപ്പിന് ഇത്തരത്തിലുള്ള നിയമാനുസൃത ബൈലോ അനിവാര്യമാണ്.

### 2-2 D & O ലൈസൻസ് അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ D & O ലൈസൻസ് അനുവദിക്കുന്നതിനും, പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ D&O ലൈസൻസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കുന്നതിനുമുള്ള അപേക്ഷകളിൽ അപേക്ഷന്റെ പ്രതിദിന വിറ്റു വരവ് അപേക്ഷൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. നിലവിൽ പല അപേക്ഷകളിലും പ്രതിദിന വിറ്റു വരവ് കാണിക്കുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | സ്ഥാപനം |
|---|---|---|
| 1 | MC ശശീന്ദ്രൻ | ബിസ്മില്ല ബേക്കറി |
| 2 | കുനിയിൽ പ്രിയ | ഗോൾഡൻ ബേക്കറി |

അന്വേഷണക്കുറിപ്പില്ലാത്തവ

| ക്രമ നം. | പേര് | സ്ഥാപനം |
|---|---|---|
| 1 | NC നാണു | നീരജാസ് ഫുഡ് പ്രോഡക്ട്സ് |
| 2 | പാറക്കൽ പവിത്രൻ | പാറക്കൽ ചിക്കൻ ഫാം |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചക്കരക്കൽ-ചാല ഫെസ്റ്റ്-നടത്തിപ്പിലെ അപാകങ്ങൾ-ചെലവ് തുക 4,00,000/-തടസ്സപ്പെടുത്തുന്നു:

1. പ്രോജക്ട് നം. 29/2015-16, ചക്കരക്കൽ ഫെസ്റ്റ്

തുക -3,00,000/- Non Plan (Try Cheque No- 1599553 Dt. 31-03-2016)

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്., ചാല.
കൺവീനർ - എം. രാമകൃഷ്ണൻ.
മേൽ പ്രോജക്ടിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ ചുവടെകൊടുക്കുന്നു,

| ക്രമ നം | ചെലവിനം | ചെലവ് തുക | അപാകങ്ങൾ |
|---|---|---|---|
| 1 | സാംസ്കാരിക പരിപാടി-കഥാപ്രസംഗം. നക്ഷത്ര പ്രഫഷണൽ പ്രോഗ്രാം ഏജൻസി ചക്കരക്കലിന് നൽകിയത് | ₹26,000 | തുക കൈപ്പറ്റിയത് സംബന്ധിച്ച് നിശ്ചിത മാതൃകയിലെ ക്യാഷ് രസീറ്റില്ല. ഫെസ്റ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനങ്ങൾക്കും ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ രേഖകളില്ല. |
| 2, | ഈശൽ നൈറ്റ് | ₹40,000 | -do- |

| | | | |
|---|---|---|---|
| | എസ്.എസ്. Orchestra Payyanur | | |
| 3 | നക്ഷത്ര പ്രൊഫഷണൽ പ്രോഗ്രാം ഏജൻസി, ചക്കരക്കൽ | ₹7,000 | -do- |
| 4 | നൃത്തസന്ധ്യ, ദീപം നൃത്തകലാലയം | ₹12,000 | -do- |
| 5 | പുറച്ചേരി ഗ്രാമീണ കലാവേദി, നാടൻപാട്ട് | ₹25,000 | -do- |
| 6 | കോഴിക്കോട് സങ്കീർത്തന, നാടകം | ₹28,000 | -do- |
| 7 | ഡക്കറേഷൻ, നവധാര സ്റ്റേജ് ഡക്കറേഷൻ, കുന്നിരിക്ക | ₹25,000 | -do- |
| 8 | ഗാനമേള, മലബാർ ബോയ്സ് ഓർക്കസട്ര, കൊണ്ടോട്ടി, മലപ്പുറം ജില്ല. | ₹37,000 | -do- |
| 9 | ലൈറ്റ് & സൗണ്ട്, ഗുഡ് വോയിസ്, ചക്കരക്കൽ | ₹75,000 | -do- |
| 10 | ഡക്കറേഷൻ, Brite Sound, Chakkarakkal | ₹25,000 | -do- |
| | Total | ₹3,00,000 | |

2. ചാല മിനി ഫെസ്റ്റ് - പ്രോജക്റ്റ് നം. 30/2015-16

ചെലവ് തുക - 1,00,000/- Non Plan (Try Cheque No- 1599512 Dt- 18-2-2016)

നിർവ്വഹണം- എച്ച്.എം.ജി.എച്ച്.എസ്.ചാല

ചെലവ് ഇനങ്ങളുടെ വിശദവിവരം ചുവടെകൊടുക്കുന്നു

| ക്രമ നം | ചെലവിനം | ചെലവ് തുക | അപാകങ്ങൾ |
|---|---|---|---|
| 1 | സ്റ്റേഷനറി | ₹9,000 | തുക കൈപ്പറ്റിയത് സംബന്ധിച്ച്, നിശ്ചിത മാതൃകയിലെ ക്യാഷ് റസീപ്റ്റില്ല. ഫെസ്റ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനങ്ങൾക്കും ടെണ്ടർ, ക്വട്ടേഷൻ/ നടപടി സ്വീകരിച്ചതിന്റെ രേഖകളില്ല. |
| 2 | ലൈറ്റ് & സൗണ്ട്, നിത്യ ലൈറ്റ് & സൗണ്ട്, ചാല | ₹30,000 | -do- |
| 3 | ഡക്കറേഷൻ, C.K Stage Decorations<br>Choola, Koyyode | ₹11,000 | -do- |
| 4 | നന്തുടി കലാസംഘം<br>കേരള ഫോക്ക് ലോർ അക്കാദമി രജി. നമ്പർ. 305/12, പട്ടറേത്ത് അപ്പു സ്മാരക ഗ്രന്ഥാലയം<br>കാവിന്മൂല, മയ്യിൽ,കണ്ണൂർ | ₹20,000/- | -do- |
| 5 | എസ്.എസ്. Orchestra<br>payyanur | ₹30,000 | -do- |
| | Total | ₹1,00,000 | |

ചാല ചക്കരക്കൽ ഫെസ്റ്റ് നടത്തിപ്പിൽ നടത്തിയിട്ടുള്ള ചെലവുകൾക്ക് യാതൊരു ആധികാരികതയുമില്ല. ഫെസ്റ്റിൽ നടത്തിയിട്ടുള്ള സാംസ്കാരിക പരിപാടികൾ ഉൾപ്പെടെയുള്ളവയുടെ നടത്തിപ്പിന് വ്യക്തികളെയും. സ്ഥാപനങ്ങളെയും നിശ്ചിയിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല. വിവിധ സാംസ്കാരിക പരിപാടികൾക്ക് പ്രതിഫലമായി കൈപ്പറ്റിയ തുകയ്ക്ക് ആധികാരീകമായ ക്യാഷ് രശീത് ഫയലിൽ ലഭ്യമല്ല. മേൽ രേഖകൾ

ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 13/2016 നൽകുകയുണ്ടായി. എൻക്വയറിക്ക് എച്ച്.എം.ജി.എച്ച്.എസ്.ചാല ഹാജരാക്കിയ മറുപടിയിൽ പ്രോജക്ട് നിർവ്വഹണത്തിന് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തീരുമാന പ്രകാരം കൺവീനർക്ക് നൽകുകയാണ് ഉണ്ടായത് എന്നും, ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് പിന്നീട് ഹാജരാക്കുന്നതാണ് എന്നുമാണ്. ചെലവുകളുടെ ആധികാരിക രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹4,00,000 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃകമ്മിറ്റി മുഖാന്തിരം നടത്തിയ മരാമത്ത് പ്രവൃത്തികൾ- ചെലവ് രേഖകൾ അപൂർണ്ണം

1. പ്രോജക്ട് നം. 69/2015-16 (153-2014-15)

പഞ്ചായത്ത് പൊതു ശ്മശാനത്തിന് ഇന്റർലോക്കിംഗ്, അറ്റകുറ്റപണികൾ)

എഗ്രിമെന്റ് തീയതി - AE (c) 53 / 14-15 തീയതി, 12-2-2015

എസ്റ്റ്മേറ്റ് തുക - 15,00,000/- ( ബി.ഫണ്ട്)

ബിൽ നം.42 /15-16 തീയതി, 26-2-2016 തുക-12,45,823/-

ചെക്ക് നം. 266289 തീയതി 04-03-2016

എം.ബുക്ക് നം. 113/14-15

ശ്രീ. സുകേഷ് കെ., കൺവീനർ

നിർവ്വഹണം - അസി.എഞ്ചിനിയർ – ശ്രീ. സി. ശ്രീനിവാസൻ

2. പ്രോജക്ട് നം. 70/2015- 16

ശ്മശാനത്തിന് സംരക്ഷണ ഭിത്തിയും, അനുബന്ധ പ്രവൃത്തിയും

എഗ്രിമെന്റ് തീയതി - AE (c) 49/ 14-15 തീയതി, 05-02-2015

എസ്റ്റിമേറ്റ് തുക - 15,00,000/- (ബി.ഫണ്ട്)

ബിൽ നം.-41/15-16 തുക 11,83,280/- തീയതി - 26-02-2016

ചെക്ക് നം. 266286/- തുക - 10,03,995/- തീയതി - 04-03-2016 (കൺവീനർക്ക് നൽകിയത്) (1,79,285/- നികുതികൾക്കുള്ള വിഹിതം ഉൾപ്പെടുത്തിയത്).

കൺവീനർ - പി.വിനീത്.

എം.ബുക്ക് നം.114/14-15

നിർവ്വഹണം - അസി.എഞ്ചിനിയർ - ശ്രീ.സി.ശ്രീനിവാസൻ

1997-ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ

ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ അനുവർത്തിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. ഒരു പൊതുമരാമത്ത് പണി നടപ്പാക്കുന്നത് മൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം പഞ്ചായത്ത് പ്രസിഡന്റ്, അല്ലെങ്കിൽ പണി നടത്തുന്ന സ്ഥലത്തെ പഞ്ചായത്തംഗം, അല്ലെങ്കിൽ പൊതുമരാമത്ത് പണികളുടെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചെയർമാൻ വിളിച്ചുകൂട്ടി യോഗത്തിൽവെച്ച് ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്. . യോഗം വിളിച്ചു കൂട്ടുന്നതിനുള്ള നോട്ടീസ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, വി.ഇ.ഒ, റേഷൻ ഷാപ്പുകൾ, വായനശാലകൾ, അംഗൻവാടികൾ പൊതുവാർത്താ ബോർഡുകൾ എന്നിവയിൽ പ്രദർശിപ്പിക്കണം .

2. ഗുണഭോക്തൃസമിതിയിലെ എല്ലാ അംഗങ്ങളും ചേർന്ന് ഒരു കരാറും സമിതി കൺവീനർ മറ്റൊരു കരാറും തദ്ദേശ സ്ഥാപനവുമായി ഒപ്പിടണം

3. കരാർ ഉടമ്പടി ഒപ്പ് വെച്ച് ഒരാഴ്ചയ്ക്കുള്ളിൽ കരാറിന്റെ പകർപ്പ്, പ്രവൃത്തിയുടെ പട്ടിക ഉൾപ്പെടെ മലയാളത്തിലുള്ള എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ രൂപരേഖ എന്നിവ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ കൺവീനർക്ക് നൽകണം. ഗുണഭോക്തൃ സമിതി തുടർന്ന് യോഗം ചേരുകയും ഒരു സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ താഴെ പറയുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് മിനുട്ട്സിൽ രേഖപ്പെടുത്തണം,

എ) ഓരോയിനം പ്രവൃത്തിയുടെയും അളവ് നിരക്ക്.

ബി) ഓരോയിനം പ്രവൃത്തിക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, ആവശ്യമായ കാലയളവ്.

സി) ഓരോയിനം പ്രവൃത്തിക്കും അവശ്യമായ വിവിധ തൊഴിലാളികളുടെ എണ്ണം ഏതെല്ലാം സമയത്ത്, എത്ര ദിവസത്തേക്ക്. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിലൂടെ മാത്രമേ നടത്താൻ പാടുള്ളൂ. പ്രവൃത്തിക്കു വേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ വെക്കണം.

പ്രവൃത്തിക്കാവശ്യമായ എല്ലാ നിർമ്മാണ സാമഗ്രികളും നിശ്ചയിക്കപ്പെട്ടതും അംഗീകൃത ഗുണനിലവാരം ഉള്ളതുമായിരിക്കണം സാധനം വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കണം, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തിയിൽ നിന്നാണെങ്കിലും, സ്ഥാപനത്തിൽ നിന്നാണെങ്കിലും ക്യാഷ് ബില്ലോ, രശീതിയോ ഹാജരാക്കേണ്ടതാണ്. അവയിൽ സ്ഥാപന മേധാവിയുടെ ഒപ്പ് രേഖപ്പെടുത്തണം, പ്രസ്തുത രശീതികൾ ക്രമനമ്പർ നൽകി വരവ് ചെലവ് പത്രികയിൽ രേഖപ്പെടുത്തണം. സിമന്റ്, കമ്പി, തുടങ്ങിയവ അംഗീകൃത സ്ഥാപനത്തിൽ നിന്നുമാത്രമേ വാങ്ങാവൂ. വരവ് ചെലവ് കണക്കുകൾ പ്രവൃത്തിയുടെ നാൾ വഴിക്കൾക്കനുസൃമായി തയ്യാറാക്കണം, ഇതിനുപുറമേ പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലെയും വിവരങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തണം, പ്രവൃത്തി സംബന്ധിച്ച് ദൈനംദിന ഡയറി സൂക്ഷിക്കണം പ്രവൃത്തിയെ സംബന്ധിച്ചുള്ള വരവ് ചെലവ് കണക്കുകൾ

അച്ചടിച്ച് പ്രസിദ്ധം ചെയ്യുകയും, ഗ്രാമസഭയിൽ ചർച്ച ചെയ്യുകയും വേണം ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തിയുടെ ബിൽ തുക കൊടുക്കുന്നതിന് മുൻപ് പ്രവൃത്തി സംബന്ധിച്ച മുഴുവൻ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിൽ സമർപ്പിക്കേണ്ടതും. പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ള എഞ്ചിനിയർ ചെലവുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ നടപ്പാക്കിയ മേൽ പ്രോജക്ടുകളിലൊന്നും തന്നെ മേൽ പ്രസ്താവിച്ച നടപടി ക്രമങ്ങൾ അനുവർത്തിച്ചിട്ടില്ല. പ്രോജക്ട് 69/2015-16-ൽ 12,45,823/- രൂപയും, പ്രോജക്ട് നം. 70/2015-16-ൽ 11,83,280/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് 69/2015-16-ൽ പഞ്ചായത്ത് ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികളും, ഇൻറ്റർലോക്കിംഗ് പ്രവൃത്തികളുമാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രോജക്ട് നം. 70/2015-16-ൽ ശ്മാശാനത്തിന് ചുറ്റുമതിൽ നിർമ്മാണവുമാണ് കൺവീനർ പ്രവൃത്തികളായി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രവത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സാധനങ്ങൾ വിതരണം ചെയ്തതിന് ക്യാഷ് ബില്ല് ഹാജരാക്കുകയുണ്ടായില്ല. പ്രവൃത്തിയുടെ മസ്റ്റർറോൾ അധികൃതർ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല. തൊഴിലാളികളുടെ പൂർണ്ണമേൽവിലാസം മസ്റ്ററോളിൽ രേഖപ്പെടുത്തിയിട്ടില്ല.വൗച്ചർ പ്രകാരമുള്ള തുക പരിശോധിച്ച് അംഗീകരിച്ചിട്ടില്ല. വരവ് ചെലവ് കണക്ക് അച്ചടിച്ച് പരസ്യംചെയ്തിട്ടില്ല. പ്രവൃത്തിയുടെ മോണിറ്ററിംഗ് കമ്മറ്റിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും. കൺവീനർ മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.5/2015-16-ന് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവ്വഹിച്ച പ്രോജക്ട് രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണ് എന്ന മറുപടിയാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ നിന്നു തന്നെ നിലവിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല എന്നു വ്യക്തം. മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പ്രോജക്ട് നം. 69/2015-16, 70/2015-16 എന്നിവ പ്രകാരം പദ്ധതിക്ക് ചെലവഴിച്ച തുക യഥാക്രമം 12,45,823/- രൂപയും, 11,83,280/- രൂപയും ഉൾപ്പെടെ ആകെ 24,29,103/- രൂപയുടെ ചെലവുകളിൽ ഖണ്ഡിക 3-3-ൽ കാണിച്ചിട്ടുള്ള 1,85,422/- രൂപ കഴിച്ചുള്ള 22,43,681/- രൂപ തടസ്സത്തിൽ വെക്കുന്നു. കൺവീനർ പ്രവൃത്തിയുടെ മുഴുവൻ രേഖകളും അസി.എഞ്ചിനിയർ പരിശോധിച്ച്, ഭരണസമിതിയുടെയും, മോണിറ്ററിംഗ് കമ്മറ്റിയുടെയും റിപ്പോർട്ട് സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-3 <u>മരാമത്ത് പ്രവൃത്തികൾ - ഇൻറ്റർലോക്കിംഗ്-ചില ഇനങ്ങൾക്ക്</u>

**<u>അധിക നിരക്ക് നൽകി - 1,85,422/- രൂപയുടെ ചെലവുകൾ തടസ്സത്തിൽ വെക്കുന്നു.</u>**

2012-ലെ പൊതു മരാമത്ത് പ്രവൃത്തികളുടെ ഷെഡ്യൂൾ ഓഫ് റേറ്റിൽ supplying and fixing 75mm thick interlocking concrete blocks and laying to required slope over 5cm Thick sand bed and cost and conveyance of all materials and all labour charges etc. complete എന്ന ഇനം ഇന്റർലോക്കിംഗ് പ്രവൃത്തികൾക്ക് 100$m^2$ ന് അനുവദിച്ചിട്ടുള്ള നിരക്ക് ചുവടെ പറയും പ്രകാരമാണ്.

| | | | | | |
|---|---|---|---|---|---|
| 1.05 | $m^2$ | 75 mm Thick concrete blocks | 570 | $m^2$ | 598.50 |
| 37 | Nos | Conveyance 1.05X35=36.75<br>say @37 nos<br>( 5km-lorry load) | 290 | 1000 | 10.73 |
| 0.30 | No | Mason for filling | 471 | Each | 141.30 |
| 0.30 | No | Man | 377 | Each | 113.10 |
| 0.05 | $m^3$ | Conveyance | 218 | $m^3$ | 10.90 |
| 0.05 | $m^3$ | Sand for filling levelling | 616 | $m^3$ | 30.80 |
| | | LS hire charges of vibrator | LS | | 10.00 |
| | | | | | 915,33 |
| | | Cp and Overhead Charges | | | 135.80 |
| | | | | $m^2$ | 1051.13 |

എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് തയ്യാറാക്കിയ ഇന്റർലോക്കിംഗ് പ്രവൃത്തികൾക്കുള്ള പുതുക്കിയ Observed Data അനുസരിച്ചുള്ള നിരക്ക് ചുവടെ പറയും പ്രകാരമാണ്.

| | | | | | |
|---|---|---|---|---|---|
| 1.05 | $m^2$ | 75mm Thick concrete blocks | 570 | $m^2$ | 598.50 |
| 37 | Nos | Conveyance 1.05X35=36.75<br>say@ 37 nos<br>( 5km-lorry load) | 290 | 1000 | 10.73 |
| 0.03 | No | Mason for filling | 471 | Each | 14.13 |
| 0.03 | No | Man | 377 | Each | 11.31 |
| 0.05 | $m^3$ | Conveyance | 218 | $m^3$ | 10.90 |
| 0.05 | $m^3$ | Sand for filling levelling | 616 | $m^3$ | 30.80 |
| | | LS hire charges of vibrator | LS | | 10.00 |
| | | | | | 686.37 |
| | | Cp and Overhead Charges | | | 102.95 |
| | | | | $m^2$ | 789.32 |

Observed Data അനുസരിച്ച് ഇൻറ്റർലോക്കിംഗ് പ്രവൃത്തികൾക്കുള്ള Man for filling, Man എന്നീ ഡാറ്റ 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ നിശ്ചയിച്ചതിൽ നിന്നും 0.3 എന്നത് 0.03 എന്നതായി കുറയ്ക്കുകയുണ്ടായിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കുന്ന മേൽ പ്രസ്താവിച്ച തരം ഇൻറ്റർലോക്കിംഗ് പ്രവൃത്തികൾക്ക് Observed ഡാറ്റയിലെ അളവുകളാണ് Man for filling, Man എന്നീ ഇനങ്ങൾക്ക് പരിഗണിക്കുന്നത്. 2012-ലെ SOR പ്രകാരമുള്ള നിരക്കാണ് $100m^2$ ഇൻറ്റർലോക്കിംഗ് പ്രവൃത്തി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കണക്കാക്കി കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. ഇങ്ങിനെ ചെയ്യുന്നത് മൂലം ഇത്തരം പ്രവൃത്തികൾക്ക് അധിക തുക കരാറുകാർക്ക് നൽകേണ്ടിവരുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നം - 69/2015-16

പൊതുശ്മശാനത്തിന് ഇൻറ്റർലോക്കിംഗ് അനുബന്ധ പ്രവൃത്തികൾ

ബിൽ നം – 42/2015-16, തുക - 12,45,823/-

എസ്റ്റിമേറ്റ് തുക - 15 ലക്ഷം (ബി.ഫണ്ട്)

എഗ്രിമെന്റ് നം - AE (C) 53 /14-15 തീയതി - 12-02-2015

കൺവീനർ വർക്ക്, കൺവീനർ - ശ്രീ. സുകേഷ് കെ.

എം.ബുക്ക് നം -113/14-15

നിർവ്വഹണം - അസി.എഞ്ചിനിയർ ശ്രീ. സി. ശ്രീനിവാസൻ

2014-15-ൽ സ്പിൽ ഓവറായി 2015-16-ൽ നടപ്പാക്കിയ പഞ്ചായത്ത് പൊതുശ്മശാനത്തിന് ഇന്റർലോക്കിംഗ് അനുബന്ധ പ്രവൃത്തികൾ കൺവീനർ വർക്കായിട്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ അളവു പുസ്തകം പേജ് നം.25-ലെ രണ്ടാമത് ഇനമായി 809.70$m^2$ ഇന്റർലോക്കിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള നിരക്ക് ചുവടെ കൊടുക്കുന്നു.

നിർവ്വഹിച്ച ഇൻറ്റർലോക്കിംഗ് പ്രവൃത്തി -- 809.70$m^2$

നൽകിയ തുക – 7,40,875.50/- രൂപ

(809.70x 915രൂപ പ്രകാരം $m^2$)

2012-ലെ SOR പ്രകാരം ലാഭവിഹിതം

ഉൾപ്പെടാത്ത നിരക്കാണ് 915/- രൂപ)

Observed Data പ്രകാരം 1$m^2$ ന് നൽകേണ്ടുന്ന തുക 686/- രൂപ (Without CP)

Observed Data പ്രകാരം 1$m^2$ ന് 686/- രൂപ നിരക്കിൽ കൺവീനർക്ക് നൽകേണ്ടുന്ന തുക - 5,55,454/- രൂപ

(809.70 $m^2$ പ്രവൃത്തിയാണ് ചെയ്യേണ്ടത്. 686 1$m^2$ പ്രകാരം).

കൺവീനർക്ക് അധികം നൽകിയ തുക - 1,85,422/- രൂപ

ഇന്റർലോക്കിംഗ് പ്രവൃത്തിക്ക് ജില്ലാ തലത്തിൽ തയ്യാറാക്കിയ Observed Data പ്രകാരമുള്ള പുതുക്കിയ നിരക്ക് പരിഗണിക്കാതെ 2012-ലെ ഷെഡ്യൂൾ ഓഫ് റെയ്റ്റ് പ്രകാരമുള്ള തുകയെ അടിസ്ഥാനമാക്കി തുക കണക്കാക്കിയതു മൂലം പ്രസ്തുത പ്രവൃത്തിയിൽ നിന്നും 1,85,422/- രൂപ കൺവീനർക്ക് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.4/2016 തീയതി-17-10-2016)ന് ലഭ്യമാക്കിയ മറുപടിയിൽ "കോൺക്രീറ്റ് ഇന്റർലോക്കിംഗ് ടൈലുകൾ പാകുന്നതിനുള്ള ഡാറ്റ പൊതു മരാമത്ത് Data Book-ൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ Observed Data പ്രകാരമുള്ള നിരക്കിലാണ് ഇന്റർലോക്കിംഗ് പ്രവൃത്തി നടത്തി വരുന്നത്. പ്രസ്തുത Data ജില്ലയിലെ വിവിധ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 15 വർഷത്തോളമായി ഉപയോഗിക്കുന്നതാണ്. ഈ Data പ്രകാരമാണ് പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇന്റർലോക്കിംഗ് പ്രവൃത്തികൾക്ക് ജില്ലയിൽ പൊതുവായി ഉപയോഗിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ല" എന്നാണ് അറിയിച്ചിട്ടുള്ളത്.

ഇന്റർലോക്കിംഗ് പ്രവൃത്തികൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാപഞ്ചായത്ത് തലത്തിൽ സമാനമായ പ്രവൃത്തിക്ക് ബാധകമാക്കിയ ഡാറ്റ ഇത്തരം പ്രവൃത്തികൾക്ക് ജില്ലയിലെല്ലായിടത്തും ബാധകമാക്കാവുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ പ്രോജക്റ്റിൽ ഇന്റർലോക്കിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകിയത് വഴി ഉണ്ടായിട്ടുള്ള 1,85,422/- രൂപയുടെ ചെലവുകൾ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. എക്സിക്യൂട്ടീവ് എഞ്ചിനിയർ തലത്തിൽ മേൽ വിഷയത്തിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച് തീർപ്പ് കല്പിക്കുന്നതാണ്.

## 3-4 പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല.

പ്രോജക്ട് നം - എസ്.ഒ. 0003/2016 – നെൽ കൃഷി വികസന പദ്ധതി

അടങ്കൽ - 65,740/- (വികസന ഫണ്ട് - 30,523/- തനത് - 35,217/-)

ബിൽ നം. 4/2015-16

ബിൽ തുക – 30,523/-

നിർവ്വഹണം - കൃഷി ഓഫീസർ

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013 തസ്വഭവ തീയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖ. 3-1-5 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഒരു ഹെക്ടറിന് 6,000/- രൂപ പ്രകാരമാണ് അനുവദിക്കേണ്ടത്. (വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം) എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ സബിസിഡി അനുവദിക്കൽ പ്രോജക്റ്റിൽ മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി ഹെക്ടറിന് 3,600/- രൂപ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാതിരുന്നതിനാലാണ് സബ്സിഡി തുക പൂർണ്ണമായും നൽകാതിരുന്നത് എന്നാണ്, എന്നാൽ 2015-16 ൽ നടപ്പാക്കിയ പ്രോജക്റ്റിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം പദ്ധതികളിൽ ഭാവിയിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 പുതിയ ജലസേചന കിണർ - (പൊതുവിഭാഗം)- എഞ്ചിനിയർ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹജരാക്കേണ്ടതാണ്

പ്രോജക്ട് നം - എസ്. 0014/15-16

അടങ്കൽ - 4,00,000/- ബിൽ നം. 05/15-16 – തുക - 1,75,000/-)

നിർവ്വഹണം - വി.ഇ.ഒ - ശ്രീ. മുഹമ്മദ് സാജിദ്

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖ. 3-1-9 പ്രകാരം പുതിയ തുറന്ന കിണർ നിർമ്മാണത്തിനുള്ള സബ്സിഡി അനുവദിക്കുന്നതിന് നിർമ്മാണത്തിന്റെ അളവ് എൽ.എസ്.ജി.ഡി. എഞ്ചിനിയർ നിർണ്ണയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ കിണർ നിർമ്മാണ പ്രോജക്ടിൽ (എസ്.0014/15-16) ആനുകൂല്യം കൈപ്പറ്റിയ ശൈലജ കെ.വി (വാർഡ് നമ്പർ 14 വീട്ട് നമ്പർ 331 എ) എന്നവർ (ബിൽ നം, 05/15-16 പ്രകാരം 10,000/-) കിണർ നിർമ്മിച്ചതായുള്ള എഞ്ചിനീയരുടെ മൂല്യ നിർണ്ണയ പത്രിക ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് ലഭ്യമാക്കിയ മറുപടിയിൽ കിണർ നിർമ്മാണത്തിന്റെ 80%വും പൂർത്തിയാക്കിയിട്ടുണ്ടെന്നാണ്. ഗുണഭോക്താവ് കൈപ്പറ്റിയ പദ്ധതിപണം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-6 വെറ്റിനറി സർജൻ - നിർവ്വഹണം നടത്തിയ പ്രോജക്ട് -തൊഴുത്ത് നിർമ്മാണം-ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം - എസ്.0036/2015

അടങ്കൽ - 4,00,000/- (പദ്ധതി വിഹിതം - 2,00,000/- ഗുണഭോക്തൃവിഹിതം – 2,00,000/-)

ബിൽ നം/തീയതി

1. 7/2015-16 തുക – 1,40,000/-

2. 9/2015-16 തുക – 60,000/-

നിർവ്വഹണം - വെറ്റിനറി സർജൻ - ഡോ. ഷൈനി കെ.

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖ. 3-2-7 പ്രകാരം പുതിയ തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുമ്പോൾ, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതെ സർവ്വേ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തണം എന്നും തൊഴുത്ത് നിർമ്മാണത്തിന് എസ്റ്റിമേറ്റ് ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2015-16-ൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നം. എസ്.0036/15-16 പ്രകാരം നടപ്പാക്കിയ പുതിയ തൊഴുത്ത് നിർമ്മാണം എന്ന പ്രോജക്ടിൽ സബ്സിഡി അനുവദിച്ചപ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരമുള്ള രേഖകൾ, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 എസ്.എസ്.എ. പ്രവർത്തനങ്ങൾ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

പ്രോജക്ട് - നം.എസ്. 0025/16,

ബിൽ നം. 2/2015-16-17-9-15) തുക - 7,42,101/-

നിർവ്വഹണം – എച്ച്.എം.ജി.എച്ച്.എസ്.ചാല

2015-16 വർഷത്തിൽ 7,42,101/- രൂപ പ്രോജക്ട് നം.25/2016 പ്രകാരം എസ്.എസ്.എ. ഫണ്ടിനത്തിൽ എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട് (Book No.761 Receipt No. 076081 Dt. 28-09-15, തുക - 7,04,522/-, Book No. 768, Receipt No. 076702 Dt 12-10-2015 തുക 37,579/- തനത്) എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ സമർപ്പിച്ച 2015-16-ലെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിനോട് ഒടുക്കുവാൻ ആവശ്യപ്പെട്ടതും 7,42,101/- രൂപ തന്നെയാണ്. 2015-16 വർഷത്തിൽ ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വാർഷിക വർക്ക്പ്ലാൻ & ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളതിൽ എത്രത്തോളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ച് യാതൊരു വിധ മോണിറ്ററിംഗും, നടക്കുന്നില്ല. വാർഷിക വർക്ക്പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ളതിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

## 3-8 ക്ഷേമപെൻഷൻ -നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷ സ്വീകരിക്കലും, പെൻഷൻ അനുവദിക്കലും വിതരണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ 105/02 തീയതി 25-6-2002 ഉത്തരവിൽ ക്ഷേമ പെൻഷനുകൾക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ 10 ദിവസത്തിനകം അന്വേഷണം നടത്തി പരമാവധി 40 ദിവസത്തിനകം പെൻഷൻ വിതരണം ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16-ൽ ലഭിച്ച കർഷക തൊഴിലാളി പെൻഷൻ അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പുതിയാണ്ടി പത്മിനി | 28-5-15 | 16-09-2015 | അനുവദിച്ചു |
| 2 | കാവുംചിലിൽ പുഷ്പവല്ലി | 1-06-15 | 16-09-15 | അനുവദിച്ചു |
| 3 | പുതുയാറമ്പേത്ത് സതി | 3-6-15 | 16-09-15 | അനുവദിച്ചു |
| 4 | ചാലിൽ നാരായണി | 15-6-15 | 16-09-15 | അനുവദിച്ചു |
| 5 | മാധവി.കെ.പി | 28-12-15 | 04-03-16 | അനുവദിച്ചു |

വാർദ്ധക്യകാല പെൻഷൻ അപേക്ഷകരിൽ 80 വയസ്സ് പൂർത്തിയായവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കി വരുന്നത് എന്നതിനാൽ അപേക്ഷകരുടെ പ്രായം തെളിയിക്കുന്ന രേഖ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നമ്പർ 2509/സി1/08/സാ.ക്ഷേ.വ. തീയതി 12-08-08, ജി.ഒ(.പി)നം.54/2006/തൊഴിൽ, തീയതി 14-8-2006 ഉത്തരവുകളിൽ ഒരു പെൻഷണർ മരിച്ചു പോവുകയാണെങ്കിൽ മരണം നടന്ന മാസം വരെയുള്ള പെൻഷൻ കുടിശ്ശിക അയാളുടെ അവകാശികൾക്ക് 1000/- വരെയുള്ളത് വില്ലേജ് ഓഫീസറിൽ നിന്നും ആയതിന് മുകളിലുള്ളതിന് തഹസിൽദാറിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ തുക ആർക്കും നൽകിയിട്ടില്ല. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നേരിട്ട് അയക്കുന്ന നിലവിലെ രീതിയിൽ, മരണപ്പെട്ടു പോയതും, സ്ഥലം മാറി പോയതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തിരിച്ചു പിടിക്കുന്നതിനുള്ള സംവിധാനങ്ങളൊന്നും നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. ക്ഷേമ പെൻഷൻ സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകൾ കെഎസ്ഇബി യുടെ സൂപ്പർവിഷനില്ലാതെ ഇൻസ്റ്റാൾ ചെയ്തു

തെരുവ് വിളക്കുകൾ കെഎസ്ഇബി സൂപ്പർവിഷൻ നടത്താതെ ഇൻസ്റ്റാൾ ചെയ്തു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - തെരുവ് വിളക്കു വാങ്ങൽ

പ്രോജക്ട് നം - 60/16

അടങ്കൽ - 1,50,000 + ട്യൂബ് സെറ്റ് വില

3,00,000 + സിഎഫ്എൽ

-52,500 = കെ എസ് ഇ ബി ചാർജ്ജ് -5,02,500/-

ചെലവ് - 4,62,311/- (തനത് ഫണ്ട്) വൌച്ചർ നം.21500193/16-6-2015

മേൽ പറഞ്ഞ പദ്ധതി പ്രകാരം "ക്രൂസി" ൽനിന്നും 1* 40 w Tube Set -100 No ,2*11 w C F L Street Light – 200 No എണ്ണം തെരുവ് വിളക്ക് വാങ്ങിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് 3140 /2015 L S G D തീയത് 16.10.2015 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തെരുവ് വിളക്ക് വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം എന്നിവയ്ക്കായി ക്രൂസ്, യുനൈറ്റഡ് ഇലക്ട്രിക്കൽ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾക്ക് നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്.

വാങ്ങിച്ച തെരുവ് വിളക്കുകൾ കെഎസ്ഇബി-യുടെ സൂപ്പർവിഷന് വിധേയമാക്കാതെ സ്ഥാപനവുമായി വാർഷിക അറ്റകുറ്റപണി കരാറിൽ ഏർപ്പെട്ട എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ കരാറുകാരനെ ഏൽപ്പിക്കുകയാണ് ചെയ്തത്. സ്ഥാപിച്ച വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്ത പരിശോധന നടത്തി സ്ഥാപിച്ച വിളക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയില്ല.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ചക്കരക്കൽ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് ഒടുക്കിവരുന്നത്. 2015-16-ൽ വാങ്ങിയ 300 തെരുവ് വിളക്കുകൾ ഉൾപ്പെടെ ആകെ 1,309 തെരുവ് വിളക്കുകളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവയ്ക്കെല്ലാം കൂടെ പ്രതിമാസം ശരാശരി ₹58,692 വൈദ്യുതചാർജ് അടക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2015-16-ൽ ₹7,04,311 കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. (ചക്കരക്കൽ ഇലക്ട്രിക്കൽ സെക്ഷൻ).

കെ.എസ്.ഇ.ബി. യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്ര എണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. പ്രകാശിക്കാത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുത ചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 7/17.10.2016) സംയുക്ത പരിശോധനയ്ക്ക് വേണ്ടി 02.03.2016-ലെ എ3-142/2016 കത്ത് പ്രകാരം കെഎസ്ഇ ബി യോട് അഭ്യർത്ഥിച്ചതായും 18.10.2016 മുതൽ സംയുക്ത പരിശോധന ആരംഭിച്ചതായും, എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതക്കനുസരിച്ചും, ഭരണസമിതി തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണെന്ന്

വിശദീകരിച്ചിട്ടുണ്ട്. നിലവിൽ ഒരു വർഷത്തേക്ക് വാർഷീക അറ്റകുറ്റപ്പണിക്ക് കരാർ വച്ച കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി മുഴുവൻ വിളക്കുകളും പ്രവർത്തനക്ഷമമാക്കിയതായി എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

സംയുക്ത പരിശോധന പൂർത്തിയാക്കി, തെരുവ് വിളക്കുകൾ പഞ്ചായത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്? എപ്പോഴാണ് സ്ഥാപിച്ചത് ? ഏതൊക്കെയാണ് കേടായത് കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്നിവ നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മാത്രവുമല്ല കത്തുന്ന തെരുവ് വിളക്കുകൾക്കുള്ള വൈദ്യുത ചാർജ് മാത്രമാണ് പഞ്ചായത്ത് ഒടുക്കുന്നത് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12-03-2013-ലെ 65529/DC3/12 നമ്പർ സർക്കുലറിൽ മീറ്ററിങ്ങ് സംവിധാനമുള്ള ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾക്ക് കൂടി മീറ്റർ ഘടിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-11 <u>വെള്ളക്കരം കുടിശ്ശിക അടക്കുവാനുള്ള നടപടി സ്വീകരിക്കാത്തത്</u>

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന 19.11.2014, 29.1.2015 എന്നീ തീയതികളിൽ നടത്തിയിട്ടുണ്ട്. ആകെ 182 ടാപ്പുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് പ്രതിമാസം ₹5,250 (₹79,625) അടക്കുന്നുണ്ട്. 26.9.2016 വരെ ₹3,12,643 കുടിശ്ശിക ഉണ്ട്. ഇതിൽ ₹1,81,393 പിഴ ഉണ്ട്. അഞ്ചരക്കണ്ടി ശുദ്ധജല വിതരണ പദ്ധതി പ്രകാരം 75 സിങ്ക് ടാപ്പുകൾ 28.07.2012 മുതൽ പുതുതായി കമ്മീഷൻ ചെയ്തതിനാൽ 08/12 മുതൽ 01/13 വരെയുള്ള വെള്ളക്കരം കുടിശ്ശികയായി 1,31,250/- രൂപ ഉള്ളതു കൊണ്ടാണ് കുടിശ്ശിക വരുവാനുള്ള കാരണം. ഈ കുടിശ്ശിക കൃത്യസമയത്ത് അടക്കാത്തതിനാലാണ് ഭീമമായ പിഴ സംജാതമായത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നുണ്ട്. തൻവർഷം 9 അംഗൻവാടികൾക്ക് കുടിവെള്ള പൈപ്പ് ലൈൻ കണക്ഷന് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .

വെള്ളക്കരം മുഴുവനായി അടക്കുന്ന പക്ഷം പിഴ ഒഴിവാക്കുന്നതിന് ഹെഡ് ഓഫീസിലേക്ക് ശിപാർശ ചെയ്യുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റിയുടെ 26.9.2016-ലെ എ2-2254/15 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശിക അടക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് - തുക 7,60,000/- തടസ്സപ്പെട്ടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

താഴെ പറയുന്ന പ്രോജക്ടുകൾക്ക് വേണ്ടി തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അതിനാൽ ₹7,60,000 തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് -1 | | പ്രോജക്ട് -2 | |
|---|---|---|---|
| പ്രോജക്ട്& പ്രോജക്ട്നം | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ 58/16 | പ്രോജക്ട്& പ്രോജക്ട്നം | കുടുംബശ്രീ മീഡിയാശ്രീ പഞ്ചായത്ത് വിഹിതം 56/16 |
| അടങ്കൽ | 5,96,326(റോഡിതരം) 1,03,674(തനത് ഫണ്ട്) | അടങ്കൽ | 65,000 (ധനകാര്യകമ്മീഷൻഗ്രാന്റ്) |
| ചെലവ് | 5,96,326(റോഡിതരം) 98,674(തനത് ഫണ്ട്) | ചെലവ് | ₹65,000 |
| ബിൽ/ വൗച്ചർ നമ്പർ | ബിൽ 17/22.2.2016 വൗച്ചർ 21500903/24.2.2016 | ബിൽ/ വൗച്ചർ നമ്പർ | 370/22.08.2016 |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | കേരള വാട്ടർ അതോറിറ്റി | തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | ജില്ലാമിഷൻ കോ ഓർഡിനേറ്റർ കുടുംബശ്രീ |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ₹1,00,000 | പാലിയേറ്റീവ് | ₹99,914 | 86 |
| | ₹2,12,500 | സ്കോളർഷിപ്പ് | ₹2,12,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ₹2,12,500 | സ്കോളർഷിപ്പ് | ₹2,12,500 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തി കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.ഡബ്ള്യൂ.എ | അംഗൻ വാടി കുടിവെള്ള കണക്ഷൻ | 21500903 തീയതി 24.2.2016 | ₹98,674 | 0 | | ₹98,674 |
| കെ.ഡബ്ള്യൂ.എ | അങ്കണവാടി കുടിവെള്ള കണക്ഷൻ | 21500904 തീയതി 25.2.2016 | ₹5,96,326 | 0 | | ₹5,96,326 |

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

---------ഇല്ല----------

## **4-4** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

----------------ഇല്ല---------------

## **4-5** സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹30,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹30,000 |

(2015-16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| കണ്ണൂർ ജില്ലാ കോ - ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | ₹10,000 | 0050 6.8.2015 |
| മലബാർ ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | ₹20,000 | 0187/27.9.2004 |

## 4-6 ഓഡിറ്റ് റിക്കവറി

------------ഇല്ല---------------

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

------------------ഇല്ല------------------

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹5,52,77,280 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹5,76,43,807 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹35,89,103 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെവിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹4,00,000 | ശ്രീമതി.ജയശ്രീ എൻ (ഹെഡ് മിസ്ട്രസ്സ്, ജി.എച്ച് എസ് .എസ് ചാല) |
| 3-2 | ₹22,43,681 | ശ്രീ.പ്രകാശൻ കെ.കെ. (അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-3 | ₹1,85,422 | ശ്രീ.ശ്രീനിവാസൻ (അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-12 | ₹7,60,000 | ശ്രീമതി.സിന്ധു ജെ. (സെക്രട്ടറി) |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-------ഇല്ല-------

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--------ഇല്ല--------

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ജയശ്രീ എൻ.<br>(ഹെഡ് മിസ്ട്രസ്സ്.,<br>ജി.എച്ച്.എസ്.എസ്. ചാല) | ഗവ.ടി.ടി.ഐ.(മെൻ)<br>കണ്ണൂർ | സായൂജ്യം,<br>(പി.ഒ) മുല്ലക്കൊടി<br>മയ്യിൽ, 670602 |
| ശ്രീ.ശ്രീനിവാസൻ<br>(അസിസ്റ്റന്റ് എഞ്ചിനിയർ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>കണ്ണൂർ ബ്ലോക്ക് | അഞ്ജനം, സ്വാമി മഠം<br>കുംഭം (പി.ഒ), കൂടാളി |
| ശ്രീമതി.സിന്ധു ജെ.<br>(സെക്രട്ടറി) | വിരമിച്ച | സിന്ദൂരം, മേലെ ചൊവ്വ,<br>കണ്ണൂർ |
| ശ്രീ.പ്രകാശൻ കെ.കെ.<br>(അസിസ്റ്റന്റ്എഞ്ചിനിയർ) | അസിസ്റ്റന്റ് എഞ്ചിനിയർ<br>ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | കമലം,<br>കാഞ്ഞിരോട് (പി.ഒ)<br>കൂടാളി, 670592 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്/സി7/971/02<br>തീയതി : 16.02.2003 | 4 |
| 2002-03 | എൽ.എഫ്/സി6/87/06<br>തീയതി :19.10.2006 | 3 |
| 2003-04 | എൽ.എഫ്/സി6/1357/07<br>തീയതി :19.08.08 | 3 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി.1/64/09<br>തീയതി :2.10.2009 | 3 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ<br>/സി.1/608/09 തീയതി :6.11.2009 | 3 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.1/331/12<br>തീയതി :22.05.2012 | 7 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി.1/332/12<br>തീയതി :22.05.2012 | 12 |
| 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി.1/333/12<br>തീയതി :28.01.2013 | 20 |
| 2011-12<br>2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.2/173/14<br>തീയതി :13.11.2015 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

# Annexure-1

# AUDIT CERTIFICATE

No.KSA/KNR/C8/956/2016

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497-2707698
e-Mail:doknr.ksad@kerala.gov.in
Dated 01.12.2016.

Certified that I have audited the annual Financial Statement of Chembilode Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Chembilode Grama panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.
District Audit Office, Kannur.

PVP

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.എൻ.ആർ/സി.8/956/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
ഫോൺ:0497 2707698
ഇ-മെയിൽ:doknr.ksad@kerala.gov.in
തീയ്യതി: 01.12.2016.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP